**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1085** **31-01-2024 - ൽ മറുപടിയ്ക്ക്**

**കാട്ടായിക്കോണം, ചന്തവിള, പള്ളിത്തുറ, കഴക്കൂട്ടം നഗരസഭകളിലെ കുടിവെള്ള പദ്ധതികള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടായിക്കോണം, ചന്തവിള, പള്ളിത്തുറ, കഴക്കൂട്ടം തുടങ്ങിയ നഗരസഭ വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ചന്തവിള, കാട്ടായിക്കോണം എന്നീ നഗരസഭ വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി വാട്ടർ സപ്ലൈ ഡിസ്ട്രിബ്യൂഷൻ നെറ്റ് വർക്ക് ഇല്ലാതിരുന്നതിനാൽ ആയത് സ്ഥാപിക്കുന്ന പ്രവർത്തിക്കായി അമൃത് 2.0 പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 30.935 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പള്ളിത്തുറ, കഴക്കൂട്ടം നഗരസഭാ വാർഡുകളിൽ കുടിവെള്ളം എത്താതിരുന്ന സ്ഥലങ്ങളിൽ കുടി വെള്ളം എത്തിക്കുന്നതിനായി അമൃത് 2.0 പദ്ധതിയുടെ കഴക്കൂട്ടം ഫേസ് 1 & ഫേസ് II-ൽ ഉൾപ്പെടുത്തി 14.982 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രസ്തുത പ്രവൃത്തികൾക്ക് കരാർ നൽകുകയും ചെയ്തു. പ്രവൃത്തിയുടെ 28% ഇതുവരെ പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കുമോ;എപ്പോൾ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | ചന്തവിള-കാട്ടായിക്കോണം നഗരസഭാ വാർഡുകൾക്കുള്ള പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി അവാർഡ് ചെയ്തു കഴിഞ്ഞാൽ 18 മാസത്തിനകം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ പള്ളിത്തുറ, കഴക്കൂട്ടം നഗരസഭാ വാർഡുകളിൽ അമൃത് 2.0 പദ്ധതിയിൽ കഴക്കൂട്ടം ഫേസ് 1 പ്രവൃത്തികൾ 8 മാസത്തിനകവും, ഫേസ് 2 പ്രവൃത്തികൾ 10 മാസത്തിനകവും പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് |

സെക്ഷൻ ഓഫീസർ